# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : * 40 — 11-12-2012-ൽ മറുപടിക്ക്

### വൈദ്യുതി പ്രതിസന്ധിയും വൈദ്യുതി ചാർജ്ജും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾഖാദർ<br>,, എം.എ. ബേബി<br>,, ബി.ഡി ദേവസ്സി<br>,, പി. റ്റി. എ റഹീം | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ചാർജ്ജ് വർദ്ധനയും പവർക്കട്ടും മൂലം സംസ്ഥാനത്തെ വ്യവസായിക മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (എ) സംസ്ഥാനത്ത് നിലവിൽ പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. 2002 ഒക്ടോബറിന് ശേഷം (10 വർഷങ്ങൾക്ക് ശേഷം) 2012 ജൂലൈ 1-ാം തീയതി മുതൽ വ്യാവസായിക ഉപഭോക്താക്കൾക്ക് ശരാശരി 30% ത്തോളം നിരക്ക് വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവിലെ നാണയപ്പെരുപ്പവും, വൈദ്യു തോൽപ്പാദനത്തിലും മറ്റ് അനുബന്ധ ചെലവുകളിലും ഉണ്ടായവർദ്ധനവും കണക്കിലെടുക്കുമ്പോൾ ഇപ്പോൾ ഉണ്ടായിട്ടുള്ള നിരക്ക് വർദ്ധനവ് നാമ മാത്രമാണ്. ഈ വർദ്ധനവ് നടപ്പിലാക്കിയില്ലെങ്കിൽ ബോർഡ് കടുത്തസാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെടുമായിരുന്നു.ഈവർദ്ധനവിന്ശേഷവും സംസ്ഥാനത്തെ വ്യാവസായിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി നിരക്കുകൾ അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. |

(ബി) ഐ.ടി.മേഖല ഉൾപ്പെടെ പുതുതായി ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് വൈദ്യുതി ചാർജ്ജിനത്തിൽ എന്തെല്ലാം ഇളവുകളാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്.

(ബി) ഐ.ടി.മേഖലയ്ക്ക് വ്യാവസായിക താരിഫിലാണ് നിലവിൽ വൈദ്യുതി നൽകി വരുന്നത്. സംസ്ഥാനത്തെ വ്യാവസായിക വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതിനിരക്ക് അനുബന്ധം I ആയി കൊടുക്കുന്നു

2012 ജൂലായ് 1-ാം തീയതി മുതൽ 10 HP യിൽ താഴെ കണക്ടഡ് ലോഡുള്ള ചെറുകിട വ്യവസായികൾ ഫിക്സഡ് ചാർജ്ജിനത്തിൽ ഒരു ഉപഭോക്താവ് പ്രതിമാസം '60' രൂപ നൽകിയാൽ മതിയാകുന്നതാണ്. മുമ്പ് ഓരോ കിലോവാട്ടിനും പ്രതിമാസം '45' രൂപ നൽകേണ്ടിയിരുന്നു. കൂടാതെ രാത്രി കാലത്തെ 'ഓഫ് പീക്ക്' ഉപഭോഗത്തിന് ഡിമാൻറ് ചാർജ്ജിനത്തിൽ 20% ത്തിന്റെയും എനർജി ചാർജ്ജിനത്തിൽ 15% ത്തിന്റെയും ഇളവ് അനുവദിച്ചിട്ടുണ്ട്

(സി) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധനവ് എന്ന് മുതലാണ് നടപ്പിലാക്കിയിട്ടുള്ളത്: ഇതുവഴി പ്രതിമാസ വരുമാനത്തിലുണ്ടായ വർദ്ധനവിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധനവ് 2012 ജൂലായ് ഒന്നാം തീയതി മുതലാണ് പ്രാബല്യത്തിൽ വന്നത്. ഇതു മൂലം ഏകദേശം 130 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതിമാസം ലഭിച്ചുകൊണ്ടിരിക്കുന്നത്

(ഡി) ഈ സർക്കാർ ഏർപ്പെടുത്തിയ ഫ്യൂവൽ സർചാർജ്ജ് വഴി ഓരോ മാസവും എന്തു തുക ഇതുവരെ പിരിച്ചെടുത്തിട്ടുണ്ടെന്ന് വിശദമാക്കാ

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഫ്യൂവൽ സർചാർജ്ജിനത്തിൽ പിരിച്ചെടുത്ത തുക

മോ; പുതുക്കിയ വൈദ്യുതി നിരക്കുകൾ എന്നുവരെയാണ് പ്രാബല്ല്യത്തിലുണ്ടാവുക; പ്രസ്തുത തീയതിയ്ക്കു ശേഷം താരീഫ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ

അനുബന്ധമായി നൽകിയിട്ടുണ്ട്.

പുതിക്കിയനിരക്കുകൾ 31.03.2013 വരെ പ്രാബല്യത്തിൽ ഉണ്ടാകുന്നതായിരിക്കും. പ്രസ്തുത തിയതിക്കുശേഷമുള്ള നിരക്കു പരിഷ്ക്കരണം പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം – I

**സംസ്ഥാനത്തെ വ്യവസായിക വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് അനുബന്ധമായി കൊടുക്കുന്നു**

| വിഭാഗം | പ്രതിമാസ ഫിക്സഡ്/ ഡിമാൻഡ് ചാർജ്ജ് (രൂപ/ കെ.ഡബ്ല്യു/ രൂപ/ കെ.വി.എ) | എനർജി ചാർജ്ജ്(രൂപ/ യൂണിറ്റ്) |
|---|---|---|
| ലോ ടെൻഷൻ വ്യവസായം (10 കിലോവാട്ട് വരെ) | 60 രൂപ ഒരു ഉപഭോക്താവിന് | 4.25 |
| ലോ ടെൻഷൻ വ്യവസായം (10 കിലോവാട്ടിന് മുകളിൽ) | 60 | 4.25 |
| ഹൈടെൻഷൻ വ്യവസായം | 300 | 4.10 |
| എക്സ്ട്രാ ഹൈടെൻഷൻ (220 കെ.വി) | 275 | 4.00 |
| എക്സ്ട്രാ ഹൈടെൻഷൻ (110 കെ.വി) | 290 | 4.00 |
| എക്സ്ട്രാ ഹൈടെൻഷൻ (66 കെ.വി) | 300 | 4.00 |

സെക്ഷൻ ഓഫീസർ.

## അനുബന്ധം – 2

**ഒക്ടോബർ 2011 മുതൽ ഒക്ടോബർ 2012 വരെ ഫ്യൂവൽ സർച്ചാർജ്ജിനത്തിൽ പിരിച്ചെടുത്ത തുക**

| മാസം | പിരിച്ചെടുത്ത തുക (രൂപ കോടിയിൽ) |
|---|---|
| ഒക്ടോബർ 2011 | 12.47 |
| നവംബർ 2011 | 22.16 |
| ഡിസംബർ 2011 | 25.16 |
| ജനുവരി 2012 | 26.05 |
| ഫെബ്രുവരി 2012 | 25.43 |
| മാർച്ച് 2012 | 27.38 |
| ഏപ്രിൽ 2012 | 26.41 |
| മെയ് 2012 | 24.34 |
| ജൂൺ 2012 | 23.08 |
| ജൂലായ് 2012 | 21.28 |
| ആഗസ്റ്റ് 2012 | 21.08 |
| സെപ്റ്റംബർ 2012 | 21.46 |
| ഒക്ടോബർ 2012 | 21.48 |
| ആകെ | 2,96.78 |

[signature]
സെക്ഷൻ ഓഫീസർ.